പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 750

17.07.2012 ൽ
മറുപടിക്ക്

ഇന്ദിരാ ആവാസ് യോജന ഭവന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. ബി. സത്യൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ) |
| എ) സംസ്ഥാനത്ത് ഇന്ദിരാ ആവാസ് യോജന പ്രകാരം 2012-13-ൽ എത്ര പുതിയ വീടുകൾ നിർമ്മിക്കാനും എത്ര വീടുകൾ പുനരുദ്ധരിക്കാനുമാണ് ഉദ്ദേശിക്കുന്നത്; | എ) 2012-13 വർഷം കേന്ദ്ര സർക്കാർ ഇന്ദിരാ ആവാസ് യോജന ഭവന പദ്ധതിയിൽ 59,620 വീടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യം നിശ്ചയിച്ച് തന്നിട്ടുള്ളത്. ഇതിൽ 20 ശതമാനം വരെ പഴയ വീടുകളുടെ പുനരുദ്ധാരണത്തിനായി നീക്കി വയ്ക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| ബി) എന്തുതുകയാണ് ഇതിനായി ഗുണഭോക്താക്കൾക്ക് നൽകുന്നതെന്ന് അറിയിക്കുമോ; | ബി) സംസ്ഥാനത്ത് പുതിയ വീട് നിർമ്മിക്കുന്നതിനായി പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 2.5 ലക്ഷം രൂപയും പട്ടികജാതി/ജനറൽ എന്നീ വിഭാഗക്കാർക്ക് 2 ലക്ഷം രൂപ വീതവുമാണ് നിലവിൽ നൽകി വരുന്നത്. വീട് പുനരുദ്ധീകരിക്കുന്നതിനായി എല്ലാ വിഭാഗക്കാർക്കും 15,000 രൂപയാണ് നൽകുന്നത്. |
| സി) ഈ പദ്ധതി നടപ്പാക്കാനായി എന്തു തുക ചെലവഴിക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | സി) ഉണ്ട്. കേന്ദ്ര വിഹിതമായി 209.2586 കോടി രൂപയും സംസ്ഥാനവിഹിതമായി 69.75 കോടി രൂപയും ഉൾപ്പെടെ ആകെ 279.01 കോടി രൂപ കേന്ദ്ര സംസ്ഥാന വിഹിതമായി ലഭ്യമാണ്. ഇതിന് പുറമെ അധികവിഹിതമായി 773.56 കോടി രൂപ കൂടി സംസ്ഥാനം കണ്ടെത്തേണ്ടതുണ്ട്. |
| ഡി) ഇപ്പോൾ ഈ പദ്ധതി നടപ്പാക്കാനായി ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്ന തുക പര്യാപ്തമാണോ; ഇല്ലെങ്കിൽ എന്ത് പരിഹാര നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ? | ഡി) ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ആവശ്യമായ സംസ്ഥാന വിഹിതം നൽകുന്നതിന് സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റിൽ നീക്കിവച്ച തുക പര്യാപ്തമാണ്. അധിക സഹായം നൽകാൻ ആവശ്യമായ തുക സപ്ലിമെന്ററി അസിസ്റ്റൻസായി നൽകുന്ന കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ